# Image converter

ഒരു ഫോൾഡറിനുള്ളിലെ മുഴുവൻ ഇമേജുകളും ഒരുമിച്ച് format മാറ്റുകയോ resize ചെയ്യുകയോ ചെയ്യുന്നതിന്നായി converseen എന്ന സോഫ്റ്റ്‌വെയർ ഉപയോഗിക്കാം. Digital camera ഉപയോഗിച്ച് എടുത്തിട്ടുള്ള ഫോട്ടോകൾ ഇത് ഉപയോഗിച്ച് ചെറുതാക്കാവുന്നതാണ്. മലപ്പുറം ഐടി@സ്കൂൾ മാസ്റ്റർ ട്രെയ്നറായ ഹസൈനാർ സാറാണ് ഈ സോഫ്റ്റ്‌വെയറിനെക്കുറിച്ച് വിവരം നൽകിയത്. ഇത് ഇൻസ്റ്റാൾ ചെയ്യുന്നതിനായി താഴെ കാണുന്ന കമാന്റുകൾ ഓരോന്നായി ടെർമിനലിൽ ടൈപ്പ് ചെയ്ത് Enter ചെയ്യുക.

sudo add-apt-repository ppa:faster3ck/converseen
sudo apt-get update
sudo apt-get install converseen

ഇൻസ്റ്റലേഷന് ശേഷം Application-Graphics-Converseen തുറക്കുക.

Add images ക്ലിക്ക് ചെയ്ത് image folder സെലക്ട് ചെയ്യുക. Ctrl,A എന്നീ keys ഉപയോഗിച്ച് എല്ലാ images ഉം ഒരുമിച്ച് സെലക്ട് ചെയ്യാവുന്നതാണ്. ശേഷം open ക്ലിക്ക് ചെയ്യുക. check all ക്ലിക്ക് ചെയ്ത ശേഷം convert to എന്നതിൽ നിന്നും file format സെലക്ട് ചെയ്യുക.




Resize ചെയ്യുന്നതിനായി ഇടതു ഭാഗത്തുള്ള dimensions എന്നതിൽ % മാറ്റി px ആക്കി width, height ഇവ ക്രമീകരിക്കുക.(size 100 kb യിൽ താഴെ ക്രമീകരിക്കുന്നതിനായി width, height ഇവ 800,600 ആക്കിയാൽ മതി.) Save in എന്നതിൽ folder സെലക്ട് ചെയ്യുക. ശേഷം convert എന്നതിൽ ക്ലിക്ക് ചെയ്യുക.സെലക്ട് ചെയ്തിട്ടുള്ള ഫോൾഡറിലേക്ക് ഇമേജുകൾ convert ആയിട്ടുണ്ടാകും.




Ashraf A.P.

മലപ്പുറം ജില്ലയിലെ വളാഞ്ചേരി സ്വദേശി.ഇടുക്കി ഐടി@സ്കൂൾ പ്രോജക്ടിനു കീഴിൽ മാസ്റ്റർട്രെയ്നറായി ജോലി ചെയ്യുന്നു.